**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം– വ്യാഴാഴ്ച തോറും**

**പ്രശാന്തി സന്ദേശം- ഉപാഖ്യാനം 282**

# ടീച്ചറും ഗുരുവും, വിദ്യാർത്ഥിയും ശിഷ്യനും

# TEACHER Vs MASTER, STUDENT Vs DISCIPLE

**ആഗസ്റ്റ് 7, 2025 വ്യാഴം**

ഓം ശ്രീ സായിരാം!
പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

## ഒരു ശിഷ്യനായിത്തീരൽ: ഉള്ളിലെ ഗുരുവിനെ സാക്ഷാത്കരിക്കൽ

“ഞാൻ എവിടെയാണ്? ഞാനൊരു വിദ്യാർത്ഥിയായിരുന്നു.” നമ്മുടെയെല്ലാവരുടെയും മറുപടി ഇതാണ്. ഒരു വിദ്യാർത്ഥിയായിരിക്കുന്ന ഘട്ടത്തിൽനിന്ന് നമ്മൾ അടുത്ത ഘട്ടത്തിലേക്ക് പോവുന്നു. “ഞാനൊരു ശിഷ്യനായിത്തീർന്നിരിക്കുന്നു. മേലിൽ ഞാനൊരു വിദ്യാർത്ഥിയല്ല.” എന്തുകൊണ്ട്? ഒരു ശിഷ്യൻ ഗുരുവിന്റെ കാൽച്ചുവട്ടിലാണ്, അദ്ധ്യാപകന്റെ സന്നിധിയിലല്ല.



അപ്പോൾ, ഒരു ശിഷ്യൻ ഗുരുവിന്റെ സ്നേഹപൂർണമായ പരിരക്ഷണത്തിനു കീഴിലാണ്. ഒരു ഗുരു(മാസ്റ്റർ) സാക്ഷാത്കാരം സിദ്ധിച്ച ആത്മാവാണ്, മാസ്റ്റർഡിഗ്രിയുള്ള ആരെങ്കിലുമല്ല! എല്ലാം സ്വയം നേടിയ, പറയുന്നതൊക്കെ അനുഭവിച്ച, താൻ സംസാരിച്ചുകൊണ്ടിരിക്കുന്നതെന്തോ അതിന്റെയൊക്കെ അനുഭവവും ആവേശവും ആനന്ദവും സിദ്ധിച്ച, സാക്ഷാത്കാരം സിദ്ധിച്ച, ആത്മാവാണ് അദ്ദേഹം. അദ്ദേഹമാണ് യഥാർത്ഥ ഗുരു(True Master).



രാമകൃഷ്ണ പരമഹംസർ ഒരു തികഞ്ഞ മാസ്റ്ററായിരുന്നതുകൊണ്ട്, ആ ശ്രേഷ്ഠനായ ഗുരുവിന് വിവേകാനന്ദൻ എന്ന ഉത്തമ വിദ്യാർത്ഥിയെ ലഭിച്ചു. ജീസസ്സ്, സ്വന്തമായി ശിഷ്യരുണ്ടായിരുന്ന ഒരു മാസ്റ്ററായിരുന്നു. അപ്പോൾ, ഒരു ഗുരുവെന്നത് നേരായ അനുഭവമുള്ള, ദിവ്യമായ കഴിവുകളുള്ള, സ്വന്തം ശ്രദ്ധയ്ക്കു കീഴിൽ

ശിഷ്യരെ വളർത്തുന്ന, ആളാണ്.

രണ്ടാമത്തെ വസ്തുത, ഒരു ശിഷ്യൻ കടംകൊണ്ട അറിവിനെ(borrowed information) ആശ്രയിക്കില്ല എന്നതാണ്. ഇല്ല. ഒരു ശിഷ്യൻ അവന്റേതായ നിരീക്ഷ



ണമാണ് ആഗ്രഹിക്കുന്നത്. തന്റേതായ വൈയക്തികാനുഭവം(personal experience) അവനാഗ്രഹിക്കുന്നു. എല്ലാം സ്വയം അറിയുന്നതിന്റെ ആനന്ദവും ആവേശവും അറിയാനും ആ അനുഭവത്തിലൂടെ കടന്നുപോവാനും അവനാഗ്രഹിക്കുന്നു. ഒരു ശിഷ്യൻ അസ്സലാ(original)യിരിക്കാൻ കൊതിക്കുന്നു. വൈയക്തികാനുഭവത്തിനു പുറകെയാണവൻ, കടംകൊണ്ട വിവരങ്ങൾക്കു പുറകെയല്ല. ഒരു ശിഷ്യന്റെ രണ്ടാമത്തെ സവിശേഷത അഥവാ ഗുണമാണിത്.

മൂന്നാമത്തെ വസ്തുതയെന്നത്, ഒരു ശിഷ്യൻ ഒരിക്കലും തന്റെ മനസ്സിനെ, തന്റെ വികാരങ്ങളെ, തന്റെ അഭിനിവേശത്തെ, അഥവാ തന്റെ ഓർമ്മശക്തിയെ ആശ്രയിക്കില്ല. ഇല്ല! ഒരു ശിഷ്യൻ അവന്റെ ഹൃദയ




ത്തിലൂടെയാണ് പ്രവർത്തിക്കുക, മനസ്സിലൂടെയല്ല. മനസ്സ് പ്രവർത്തിക്കുമ്പോൾ, അവന് ആവർത്തിക്കുന്നതിനു കഴിയും. മനസ്സ് പ്രവർത്തിക്കുമ്പോൾ, അവന് റിക്കാർഡു ചെയ്യുന്നതിനു കഴിയും. മനസ്സ് പ്രവർത്തിക്കുമ്പോൾ, അവന് ആവിഷ്കരണത്തിനു കഴിയും. നേരേമറിച്ച്, ഹൃദയം നിശ്ശബ്ദമാണ്; അത് മൗനത്തിലാണ്. ഹൃദയത്തിന് ആവിഷ്കരണത്തിനു കഴിയില്ല, ഇല്ല! ഹൃദയത്തിന് അനുഭവമേയുള്ളൂ.



ആരെങ്കിലും വിവേകാനന്ദനോട് ചോദിക്കുകയാണെന്നിരിക്കട്ടെ, "സ്വാമീ, അങ്ങ് ഇത്ര ദീർഘമായ കാലം രാമകൃഷ്ണ പരമഹം

സർക്കൊപ്പം ഉണ്ടായിരുന്നതെങ്ങനെ? അങ്ങ് എങ്ങനെയാണ് പരമഹംസരുടെ ശിഷ്യ നായത്? വിവേകാനന്ദന്റെ മറുപടി ഇങ്ങനെയാവും, "എന്റെ ഹൃദയത്തിനു മാത്രമേ അറിയൂ, താങ്കളോടു പറയാൻ എനിക്കു പറ്റില്ല."

ഒരു ഗുരു നിങ്ങളെ സ്വാധീനിക്കുന്നത് നിങ്ങൾക്ക് വിശദീകരിക്കാനാവാത്ത രീതിയി ലാവും. നിങ്ങൾക്കത് അനുഭവിക്കാനേ കഴിയൂ. ഉദാഹരണത്തിന്, "ഉവ്വ്, ജീസസ്സ് ഒരു മാസ്റ്ററാണ്."



"എന്തുകൊണ്ട്?"

"എനിക്കറിയില്ല."

"പരമഹംസർ താങ്കളുടെ മാസ്റ്ററാണോ? എന്തുകൊണ്ട്?"

"എനിക്കു പറയാനാവില്ല."

"രമണമഹർഷി താങ്കളുടെ മാസ്റ്ററാണോ?"

"അതെ, ഞാനങ്ങനെ കരുതുന്നു."

"എന്തുകൊണ്ട്?"

"എന്തുകൊണ്ടെന്ന് എന്നോടു ചോദിക്കരുത്."

ഹൃദയത്തിലുള്ള ഒരു ഭാവമാണത്, അത് അവ്യാഖ്യേയമാണ്, അഗ്രാഹ്യമാണത്, ചിന്തിക്കാനാവാത്തതാണത്, ആവിഷ്കരിക്കാനാവാത്തതാണത്, തിട്ടപ്പെടുത്താനാ വാത്തതാണത്, കാരണം അത് അപരിമേയവും മനസ്സിന് അതീതവുമാണ്. അതാണ് മൂന്നാമത്തെ വസ്തുത.

ഇനിയും, ഒരു ശിഷ്യൻ എക്കാലവും ഒരു ശിഷ്യനാണ്. എക്കാലത്തേക്കും! അതൊരു ജീവപര്യന്ത കരാറാണ്. സമയബന്ധിതമായ പ്രക്രിയ(time-bound process)യുമായി അതിന് യാതൊരു ബന്ധവുമില്ല. ഒരു അദ്ധ്യാപക-വിദ്യാർത്ഥി ബന്ധം സമയബന്ധിതമാണ്, അതേസമയം ഒരു ഗുരു-ശിഷ്യബന്ധം സമയബന്ധിതമല്ല. അത് മുഴുവൻ ജീവിതകാലത്തേക്കുമാണ്.



അതൊരു നൈരന്തര്യ(continuity)ത്തിന്റെ ബന്ധമാണ്, നിത്യത വരെയുള്ളത്. അത് വർത്തമാനവും തുടരുന്നതും(present and continuous) ആണ്. അതൊരിക്കലും ഭൂതകാലത്തിലേതോ കഴിഞ്ഞുപോകുന്നതോ അല്ല. "എന്റെ ഗുരു ഇന്നയാളാണ്", അത്രേയുള്ളൂ. "അങ്ങ് എന്റെ ഗുരുവായിരിക്കും" എന്ന് നമുക്ക് പറയാനാവില്ല. ഇല്ല! ഭാവിയുടെ പ്രശ്നമേ വരുന്നില്ല. "അങ്ങ് എന്റെ ഗുരുവായിരുന്നു" എന്നും നമുക്ക് പറയാനാവില്ല. അസംബന്ധമാണത്! അപ്പോൾ, ഒരു ഗുരുവും




ശിഷ്യനും തമ്മിലുള്ള ബന്ധത്തിൽ ഭൂതമോ ഭാവിയോ ഉയരില്ല എന്തുകൊണ്ടെന്നാൽ, ജീവിതകാലത്തേക്കുള്ള ഒരു സംസർഗമാണത്, സ്നേഹത്തിന്റെ, നിരന്തരയാത്രയുടെ, പ്രേമത്തിന്റെ അനുസ്യൂതപ്രവാഹത്തിന്റെ, ആജീവനാന്ത ബന്ധമാണത്.

ടീച്ചറിന് ഒരു ബ്ലാക്ക്ബോർഡും ഒരു ചോക്ക് കഷ്ണവും, കുറച്ച് താത്പര്യമുള്ള




വിദ്യാർത്ഥികൾ, ബഞ്ചുകളുള്ള ഒരു ക്ലാസ്സ്മുറി ഇവയൊക്കെ ആവശ്യമുണ്ട്. എന്നിരുന്നാലും, ഒരു ഗുരു വിദ്യാർത്ഥിക്കു പുറത്തായിരിക്കുമ്പോൾ അദ്ദേഹം പഠിപ്പിക്കണമെന്നില്ല. നിങ്ങളിൽനിന്ന് അകലെയായിരിക്കുമ്പോൾ വിശദീകരിക്കണമെന്നില്ല, ഇല്ല! നിങ്ങളുടെ ഉള്ളിലിരുന്നും ഒരു ഗുരുവിന് സംസാരിക്കാനാവും. ഒരു ഗുരു നിങ്ങളുടെ ഉള്ളിലിരുന്നു സംസാരിക്കുന്നു, നിങ്ങളുടെ ഉള്ളിൽനിന്നും മാർഗനിർദ്ദേശം തരുന്നു. അദ്ദേഹം ഒരു തരത്തിലും നിങ്ങൾക്കു പുറത്തല്ല. ഒരു ഗുരു പ്രേരിപ്പിക്കുന്നു, ഇച്ഛിക്കുന്നു, പ്രോത്സാഹിപ്പിക്കുന്നു. അപ്പോൾ, ഒരു ഗുരു ബാഹ്യമാവണമെന്ന് നിർബന്ധമില്ല, അടിസ്ഥാനപരമായി അദ്ദേഹം ആന്തരികമാണ്.

നാം കാലത്തും വൈകുന്നേരവും ആരുടെ ദർശനത്തിനായാണോ പോകുന്നത് ആ ഭഗവാൻ ബാബ, ആ ദിവ്യ ഗുരു, പുറത്തു മാത്രമല്ല, അവിടുന്ന് അകത്തുമുണ്ട്. പുറത്തുള്ള മാസ്റ്റർ തന്നെയാണ് അകത്തുള്ള മാസ്റ്റർ. എന്നാൽ ഒരു ടീച്ചർ പുറത്തേയുള്ളൂ, അദ്ദേഹം ഒരിക്കലും അകത്തില്ല.

അതിനാൽ, ഒരു ഗുരു നിങ്ങളുടെ ഉള്ളിലാണ്. അദ്ദേഹം നിങ്ങളെ പ്രേരിപ്പിക്കുന്നു, നിങ്ങൾക്ക് വഴി കാട്ടുന്നു, നിങ്ങളെ പ്രചോദിപ്പിക്കുന്നു, നിങ്ങളെ വശത്താക്കുന്നു. അദ്ദേഹം നിങ്ങളെ ആശ്വസിപ്പിക്കുകയും അകമേ നിങ്ങളോടു സംസാരിക്കുകയും ചെയ്യുന്നു. അദ്ദേഹം നിങ്ങളെ പ്രേരിപ്പിക്കുന്നു. ആളുകൾ എന്തുകൊണ്ടാണിവിടെ വരുന്നത്? ലോകമെമ്പാടും സത്യ സായി ഓർഗനൈസേഷനിലുള്ള ആളുകൾ എന്തു കൊണ്ടാണ് ഇത്രയധികം സേവാ പ്രവർത്തനങ്ങൾ നടത്തുന്നത്? ആളുകളെ ത്യാഗ ത്തിനു പ്രേരിപ്പിക്കുന്നത് എന്താണ്? എല്ലാവരെയും സ്നേഹിക്കുന്ന ആളുകൾ എന്തുകൊണ്ടാണ് ഇവിടെയെത്തുന്നത്? ഉള്ളിൽനിന്നുള്ള ഗുരുവിന്റെ പ്രബോധനങ്ങ ളാണത്.

ഒരുവൻ പാണ്ഡിത്യത്തിൽ വിശ്വസിക്കുകയും പണ്ഡിതനാവാൻ ആഗ്രഹിക്കുകയും ചെയ്യുന്നുവെങ്കിൽ, 'വിദ്വാൻ' എന്ന് വിളിക്കപ്പെടണമെന്ന് ഒരുവൻ ആഗ്രഹിക്കു ന്നുവെങ്കിൽ, അയാൾ ജിജ്ഞാസുവും(inquisitive) സ്വീകരണക്ഷമനും(receiptive) കടം കൊണ്ട വിവരത്തിൽ തത്പരനുമാണ്. പക്ഷേ ഒരു യഥാർത്ഥ ശിഷ്യൻ ജിജ്ഞാസുവല്ല എന്തെന്നാൽ, അവൻ ഗ്രഹിച്ച കാര്യങ്ങൾ പരിശീലിക്കുന്നതിനായി പൂർണ്ണമായും തിര ക്കിലാണ്. തനിക്ക് അറിയാനിടവന്ന കാര്യങ്ങൾ പരിശീലിക്കു ന്നതിനായി, തന്നെ പഠിപ്പിച്ച സകല സിദ്ധാന്തങ്ങളും, തനിക്ക് നൽകപ്പെട്ട എല്ലാ പ്രമാണങ്ങളും, താൻ കേട്ട സകല വചനങ്ങളും, തനിക്ക് നൽകപ്പെട്ട എല്ലാ നിർദ്ദേശങ്ങളും പരിശീ ലിക്കുന്നതിനായി, അവൻ അത്രയ്ക്കു തിരക്കിലാണ്. അപ്പോൾ, ഒരു ശിഷ്യൻ അറി വിന്റെയോ വിവരത്തിന്റെയോ പുറകെയല്ല, പുസ്തകങ്ങളുടെയോ ലൈബ്രറികളു ടെയോ പുറകെ പരക്കം പായുകയില്ല. ഒരു ശിഷ്യൻ എല്ലായ്പോഴും ഉള്ളിലേക്കാണ് തിരിയുക. പ്രായോഗികനാവാൻ അവനാഗ്രഹിക്കുന്നു; അനുഭവിക്കുന്നതിനായി അവ നാഗ്രഹിക്കുന്നു, അത്രമാത്രം. അതുകൊണ്ട്, അവൻ പരിശീലിക്കുന്നതിനായി ആഗ്ര ഹിക്കുന്നു.



ഇനി, നിങ്ങൾക്ക് നിങ്ങളുടെ ഗുരുവിനെ മാറ്റാനാവില്ല എന്ന വസ്തുത വരുന്നു. അദ്ദേഹം മാറുന്നവനല്ല; അദ്ദേഹം മാറ്റമില്ലാത്തവനാണ്. ഒരു ഗുരു സ്ഥിരനാണ്. മാറുന്നവരൊക്കെ അവ രുടെ പദവി മാത്രമേ മാറ്റിയിട്ടുള്ളൂ. നിങ്ങൾ മാറുമ്പോൾ, നിങ്ങൾ നിങ്ങ



ളുടെ അദ്ധ്യാപകനെയാണ് മാറ്റിയത്, ഗുരുവിനെയല്ല. ഒരു അദ്ധ്യാപകനെ മാറ്റാം, പക്ഷേ ഒരു ഗുരുവിനെ മാറ്റാനാവില്ല എന്തെന്നാൽ, ഗുരു കേവലം മറ്റൊരു രൂപത്തിൽ പ്രത്യക്ഷപ്പെടും. രമണമഹർഷിയുടെ ശിഷ്യർ രമണമഹർഷിയിൽ ബാബയെ കണ്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. സത്യ സായി ബാബയിൽ യേശുക്രിസ്തുവിനെ കാണാൻ സാധിച്ച ക്രിസ്തുവിന്റെ അനുയായികളുണ്ട്. അപ്പോൾ, ഒരു ഗുരുവിന് നിങ്ങളെ സംഗമിക്കുന്നതിനായി, നിങ്ങളെ ലക്ഷ്യത്തിലെത്തിക്കാനായി, എത്ര രൂപങ്ങൾ വേണമെങ്കിലും സ്വീകരിക്കാൻ സാധിക്കും.

അപ്പോൾ, "ഞാൻ എവിടെയാണ്? ഞാൻ കേവലമൊരു സന്ദർശക വിസയും കൊണ്ട്, ഒരു വിദ്യാർത്ഥിയുടെ ഘട്ടത്തിലാണോ? വായിക്കാനും അതോർത്തുവയ്ക്കാനുമായി, ഞാനൊരു വിദ്യാർത്ഥിയാണോ? വ്യത്യസ്ത സ്ഥലങ്ങളിൽ കറങ്ങിനടക്കുന്ന ഒരു വിദ്യാർത്ഥിയാണോ ഞാൻ? കടം കൊണ്ട വിവരത്തെ ആശ്രയിക്കുന്ന




വിദ്യാർത്ഥികൾ ചാൻസലർക്കൊപ്പം: ലോകത്ത് മറ്റെങ്ങും കാണാനിടയില്ലാത്ത ദൃശ്യം
ഒരു ത്രയി സെഷൻ

ഒരു വിദ്യാർത്ഥിയാണോ ഞാൻ? ഓരോ കാര്യവും കേട്ടുകേൾവിയെ അഥവാ – എഴുതപ്പെട്ടതിനെ ആധാരമാക്കി ഗ്രഹിക്കുന്ന ഒരു വിദ്യാർത്ഥിയാണോ ഞാൻ? ഞാനൊരു വിദ്യാർത്ഥിയാണോ?" ഞാൻ ആദ്യം അതാവേണ്ടിയിരിക്കുന്നു!

എന്നിട്ട്, വിദ്യാർത്ഥിയിൽനിന്ന് ഒരു ശിഷ്യൻ എന്ന നിലയിലേക്ക് ഞാൻ വളരണം; ഉള്ളിലുള്ള ഗുരുവിനെ സാക്ഷാത്കരിക്കണം. ഞാൻ ഹൃദയതലത്തിൽ സംസാരിക്കണം, ഹൃദയവുമായി ആജീവനാന്ത സമ്പർക്കം പുലർത്തണം. പഠിച്ചതൊക്കെ പരിശീലിച്ചുകൊണ്ട്, പരമാവധി സമയം ഗുരുവിനൊപ്പം ചെലവിട്ടുകൊണ്ട്, ഞാൻ അകത്തേക്കു തിരിയണം.




പ്രഫ. അനിൽകുമാർ നമ്മുടെ സ്വയം കണ്ടെത്തലിൽ നമ്മെ സഹായിക്കുന്നത് അടുത്ത ലക്കത്തിൽ തുടരും.

നിങ്ങളുടെ സമയത്തിന് നന്ദി.

ഓം സായിരാം!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു –** (*Sai-Vedam* പേജ് 264-266, 268, 271-273)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)